# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **614** 29.07.2015-ൽ മറുപടിക്ക്

## വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>**ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. എ. പ്രദീപ്കുമാർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ : വിശദമാക്കാമോ ;<br><br>(ബി) ഇതിനു പരിഹാരം കണ്ടെത്തുന്നതിനായി ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിന് തയ്യാറാകുമോ ; | (എ) യും (ബി) യും സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ച് സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനം ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങളില്ലാത്ത എല്ലാ ഫയലുകളിലും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭരണ നടപടി ക്രമങ്ങൾ ലളിതമാക്കാനും സുതാര്യമാക്കുവാനും സർക്കാർ സേവനങ്ങൾ കാര്യക്ഷമമായി സർക്കാർ ഓഫീസിൽ പോകാതെ ഏതു സമയത്തും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന നിരവധി ഇ-ഗവേണൻസ് പദ്ധതികൾ വിവര |

സാങ്കേതിക വിദ്യാ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.

(സി) പരിഗണനയിലെത്തുന്ന ഫയലുകളിൽ സമയബന്ധിതമായ തീരുമാനം എടുക്കാൻ മന്ത്രിമാർക്ക് കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭരണ പരിഷ്ക്കാര നടപടികളിലൂടെയും ജീവനക്കാരെ വിശ്വാസത്തിലെടുത്തും വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കാൻ തയ്യാറാകുമോ ?

(ഡി) കേരള സംസ്ഥാന പരിശീലനനയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥ രുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.